# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 15-02-2013

## ഭാഷാധ്യാപക ഡിപ്ലോമ ബി എഡിന് തുല്യമാക്കിയ ഉത്തരവ് ചട്ട വിരുദ്ധം –

**–കെ എസ് ടി എ**

**ഭാഷാധ്യാപക ഡിപ്ലോമ ബിഎഡിന് തുല്യമാക്കിയ സർക്കാർ ഉത്തരവ് ചട്ടവിരുദ്ധമാണെന്നും അത് റദ്ദ് ചെയ്യണമെന്നും കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.**

**ബി എഡിന് തല്യമായ കോഴ്സുകൾ ഏതാണെന്ന് നിശ്ചയിക്കേണ്ടത് സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസും അക്കാദമിക് കൗൺസിലുകളുമാണ്. വിദഗ്ധ പരിശോധന ആവശ്യമുള്ള വിഷയമാണിത്. നടപടിക്രമങ്ങൾ മറികടന്ന് സർവ്വകലാശാലകളുടെ പ്രോചാൻസലർ കൂടിയായ വിദ്യാഭ്യാസ മന്ത്രി എടുത്ത തീരുമാനം നിലനിൽക്കുന്നതല്ല. ഡിഗ്രി കോഴ്സുകളുടെ തുല്യത പരിഗണിക്കാനുള്ള സംവിധാനമോ അധികാരമോ എസ് സി ഇ ആർ ടി ക്ക് ഇല്ല. സർവ്വകലാശാലയുടെ കോഴ്സുകൾക്ക് തുല്യമായ കോഴ്സുകൾ ഏതെന്ന് തീരുമാനിക്കേണ്ടത് കരിക്കുലം കമ്മിറ്റിയല്ല. അതിനുള്ള അധികാരം സർവ്വകലാശാലകൾക്ക് മാത്രമാണ്. സർവ്വകലാശാലകളുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണിത്.**

**ഡിഗ്രിയാണ് ബി എഡ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത. ഡിപ്ലോമാ കോഴ്സുകൾ ഡിഗ്രിക്ക് തുല്യമാക്കാൻ കഴിയില്ല. പത്താം ക്ലാസും വിദ്വാനുമാണ് എൽ ടി സി/ഡി എൽ ഇ സി യുടെ അടിസ്ഥാന യോഗ്യത. ഇംഗ്ലീഷ് ഒന്നാം ഭാഷയായി ഡിഗ്രി കൂടി പാസായാലേ വിദ്വാൻ എന്നറിയപ്പെടുന്ന ഭാഷാ പഠനകോഴ്സ് ബി എഡിന്റെ അടിസ്ഥാന യോഗ്യതയായ ബി എ യ്ക്ക തുല്യമാവുകയുള്ളൂ. ഇതെല്ലാം മറികടന്നാണ് ഭാഷാധ്യാപക ഡിപ്ലോമയെ ബി എഡിന് തല്യമാക്കിയിരിക്കുന്നത്.**

**സ്കൂൾ വിദ്യാഭ്യാസത്തിന്റെയും ഡിഗ്രി കോഴ്സുകളുടെയും നിലവാരം ഒരുപോലെ തകർക്കുന്ന തീരുമാനമാണിത്. വിദ്യാഭ്യാസ മന്ത്രി സ്വന്തം പദവി മറന്ന് ഇത്തരം തീരുമാനമെടുക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കും. ഹെഡ്മാസ്റ്റർ ആകാനുള്ള യോഗ്യതയിൽ ഉളവ് വരുത്താൻ നടത്തിയ ശ്രമം പരാജയപ്പെട്ടപ്പോഴാണ് ഇത്തരംഒരു കുറുക്കുവഴിക്ക് വിദ്യാഭ്യാസ മന്ത്രി തയ്യാറായത്. ഈ ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കെ എസ് ടി എ മുഖ്യമന്ത്രിക്കും സർവകലാശാലകളുടെ ചാൻസിലർകൂടിയായ ഗവർണർക്കും നിവേദനം നൽകി.**

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി